# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 04, Issue: 04

സെപ്റ്റംബർ 27 വെള്ളി 2024

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## ഇനിയും എത്ര നാൾ...?

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് പഞ്ചായത്തിൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ എടൂർ മുതൽ പാലത്തുംകടവു വരെ നീളുന്ന ഇരുപത്തിനാലു കിലോമീറ്റർ റോഡ് പുനർനിർമാണം ആരംഭിച്ചിട്ട് മൂന്നു വർഷം തികയുന്നു. ഉയർന്ന നിലവാരവും മോടിയുള്ളതുമായ റോഡ് എന്ന സ്വപ്നം സഫലമാകാത്തതിന്റെ നിരാശയിലും ആശങ്കയിലുമാണ് നാട്ടുകാർ. മൂന്നു വർഷങ്ങളിൽ തുടർച്ചയായി റോഡു പണിയും മറ്റ് അറ്റകുറ്റ പണികളും നടക്കുന്നുണ്ടെങ്കിലും പല സ്ഥലങ്ങളിലും അടിയന്തര ആവശ്യങ്ങൾക്കു പോലും യോഗ്യമല്ലാത്ത തരത്തിലാണ് റോഡിന്റെ അവസ്ഥയിപ്പോൾ. പ്രതീക്ഷയോടെ നാളുകളെണ്ണി കാത്തിരുന്ന നാട്ടുകാരുടെ റോഡ് എന്ന സ്വപ്നം ഇപ്പോഴും കയ്യെത്താ ദൂരത്തു തന്നെ...





*പണി ആരംഭിക്കാത്ത വെയിറ്റിംഗ് ഷെഡ്*

### പണി തുടങ്ങാതെ വെയിറ്റിംഗ് ഷെഡ്

**ജോമോൾ ജോർജ്ജ്**

കെ എസ് ടി പി - ഇരിക്കൂർ കൺസ്ട്രക്ഷൻസ് ഏറ്റെടുത്തിരിക്കുന്ന റോഡ് നിർമ്മാണത്തിൽ അപാകതകൾ ചൂണ്ടിക്കാണിച്ച് വാണിയപ്പാറ പ്രദേശവാസികൾ രംഗത്ത്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട ഈ റോഡു നിർമ്മാണത്തിൽ വാണിയപ്പാറ ടൗണിൽ പൂർത്തിയാക്കേണ്ട വെയിറ്റിംഗ് ഷെഡിന്റെ പണി ആരംഭിച്ചിട്ടുമില്ല. വെയിറ്റിംഗ് ഷെഡിന്റെ പൂർത്തീകരണത്തിനാവശ്യമായ സ്ഥലത്തിന്റെ പോരായ്മയാണ് ഇതിന് പിന്നിലെന്ന് ആരോപണമുണ്ട്. റോഡരികിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാത്തതും മണിമരുതുംചാൽ, പുന്നക്കുണ്ട് ഭാഗം, ഇല്ലിക്കപ്പാലം എന്നിവിടങ്ങളിൽ നെയിം ബോർഡുകളുടെ അഭാവവും പൊതുജനങ്ങൾക്കിടയിൽ അസ്വസ്ഥതക്ക് കാരണമാകുന്നു. റോഡ് പുനർനിർമ്മാണം നടത്തി ഒരു വർഷം തികയുമ്പോഴേക്കും റോഡിൽ മാർക്കു ചെയ്തിരിക്കുന്ന വെള്ള ലൈനുകൾ പകുതിയോളം കാണാനില്ല. ടാറിങ് ഇളകി റോഡിൽ കുഴി രൂപപ്പെട്ടതും റോഡു പണിയുടെ നിലവാരമില്ലായ്മയെയാണ് കാണിക്കുന്നതെന്ന് പ്രദേശവാസികൾ പറയുന്നു. അറ്റകുറ്റ പണികൾ തീർത്ത് നിലവാരമുള്ള റോഡും അതിനോട് അനുബന്ധമായി വെയിറ്റിംഗ് ഷെഡ്, സ്ട്രീറ്റ് ലൈറ്റ്, നെയിം ബോർഡ് തുടങ്ങിയവയും ഉറപ്പാക്കാനാവശ്യമായ നടപടികൾ അധികൃതർ സ്വീകരിക്കണമെന്ന് പ്രദേശവാസികൾ കൂട്ടിച്ചേർത്തു.



*ടാറിങ് പൊളിഞ്ഞ മണിമരുതും ചാൽ-അട്ടയോലി റോഡ്*

### ദുരിതംപേറി മണിമരുതും ചാൽ-അട്ടയോലി റോഡ്

**ശ്രീക്കുട്ടി ചന്ദ്രൻ**

അയ്യൻകുന്ന് പഞ്ചായത്തിലെ ആറാം വാർഡിൽ ഉൾപ്പെട്ട മണിമരുതുംചാൽ-അട്ടയോലി റോഡ് തകർന്ന അവസ്ഥയിലാണ്. മണിമരുതുംചാൽ മുതൽ അട്ടയോലി വരെയുള്ള റോഡാണ് തകർന്ന് കിടക്കുന്നത്. മഴക്കാലത്ത് റോഡിന്റെ അവസ്ഥ മോശമാവുകയും കൂടുതൽ അപകടങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ഇരുപത്തിരണ്ടോളം കുടുംബങ്ങൾ ആശ്രയിക്കുന്ന ഈ റോഡ് അടിയന്തര ആവശ്യങ്ങൾക്കുപോലും ഇന്ന് യോഗ്യമല്ലാത്ത നിലയിലാണ്. റോഡ് മോശമായതിനാൽ ഓട്ടോറിക്ഷ സർവീസുകളും കുറവാണ്. 'റോഡിന്റെ അവസ്ഥ വളരെ ദയനീയമാണ്. വളരെ ബുദ്ധിമുട്ടിയാണ് വാഹനങ്ങൾ ഇതിലൂടെ പോകുന്നത്. അധികൃതർക്ക് പരാതി നൽകിയെങ്കിലും ഇതുവരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. എത്രയും പെട്ടെന്ന് അധികാരികൾ ഇതിനൊരു പരിഹാരം കാണണം.' പ്രദേശവാസിയായ സിന്ധു പറഞ്ഞു.

തകർന്ന റോഡുകൾ ടെണ്ടറിന് വെച്ചതാണെങ്കിലും ഗവൺമെന്റ് ഫണ്ട് അനുവദിക്കാത്തതിനാൽ റോഡ് റീ-ടാർ ചെയ്യാൻ സാധിക്കില്ലെന്ന് നാലാം വാർഡ് മെമ്പർ സീമ സനോജ് പറഞ്ഞു.



*കുഴികൾ നിറഞ്ഞ ആനപ്പന്തി റോഡ്*

### കുഴികൾ നിറഞ്ഞ് ആനപ്പന്തി റോഡ്

**അപർണ രമേശ്**

അങ്ങാടിക്കടവ് - ഇരിട്ടി പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലയോര ഹൈവേയുടെ ഭാഗമായ ആനപ്പന്തി റോഡിലെ കുഴികൾ മൂലം യാത്രക്കാർ ദുരിതത്തിലാണ്. കഴിഞ്ഞ ഡിസംബറിലാണ് ആനപ്പന്തിക്കവല മുതൽ ആനപ്പന്തി ടൗൺ വരെയുള്ള റോഡിൽ ടാറിങ് ആരംഭിച്ചത്. റോഡിലെ ചെറുതും വലുതുമായ കുഴികൾ മൂലം വാഹനങ്ങൾക്ക് സംഭവിക്കുന്ന കേടുപാടുകൾ ചെറുതല്ല. നിർമാണത്തിനായി നിക്ഷേപിച്ച കരിങ്കല്ലുകൾ റോഡിലെ കുഴികളിലുള്ളതിനാൽ സ്ഥലത്ത് ഇരുചക്രവാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് നിത്യ സംഭവമാണ്. കോളേജുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലേക്കുള്ള ജനങ്ങളുടെ പ്രധാന റോഡ് മാർഗമായ ആനപ്പന്തി റോഡ് എത്രയും പെട്ടെന്ന് യാത്രായോഗ്യമാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പുകൾ സ്ഥാപിക്കാൻ വൈകുന്നതിനാലാണ് റോഡ് വീതി കൂട്ടി ടാറിങ് പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നാണ് അധികൃതരുടെ വിശദീകരണം.

**റീബിൽഡ് കേരള**

പ്രളയാനന്തരം റോഡുകൾ മികച്ച രീതിയിൽ പുനർ നിർമിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംസ്ഥാന സർക്കാർ സംരംഭമാണ് റീബിൽഡ് കേരള. ഈ പദ്ധതിയുടെ ഭാഗമായി തകർന്ന റോഡ് ആസ്തികളുടെ പുനർനിർമാണത്തിനായി സർക്കാർ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിച്ചു.

## കാട്ടാനശല്യം: കൃഷികൾക്ക് നാശനഷ്ടം



*കാട്ടാന നശിപ്പിച്ച പ്രദേശങ്ങൾ ഇരിട്ടി ഫോറസ്റ്റ് ഓഫീസർ സി. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ വനപാലക സംഘം സന്ദർശിക്കുന്നു*

**മരിയ ജോയ്**

അയ്യൻകുന്ന്: ഇരിട്ടി അയ്യൻകുന്ന് പഞ്ചായത്തിലെ പാലത്തുംകടവ് ബാരാപോൾ മേഖലയിൽ വീണ്ടും കാട്ടാനശല്യം രൂക്ഷമാകുന്നു. കൃഷിയിടങ്ങളിൽ ഇറങ്ങിയ കാട്ടാന കച്ചേരികടവ്, പാലത്തുംകടവ് റോഡിന് സമീപം ജനവാസ മേഖലകളിലെ കൃഷികൾ നശിപ്പിച്ചു. ജെയ്സൺ മണ്ഡപത്തിൽ, ജോസ് നരിമറ്റം, ബാബു കിച്ചപ്പള്ളി, ജോസ് മടുക്കക്കുഴി, റെന്നി മാടുക്കക്കുഴി എന്നിവരുടെ കൃഷിയിടത്തിലാണ് കാട്ടാന നാശം വിതച്ചത്. തെങ്ങ്, വാഴ, കശുമാവ്, കവുങ്ങ്, കുരുമുളക്, കൊക്കോ തുടങ്ങി നിരവധി കാർഷിക വിളകൾ നശിപ്പിച്ചു. കാട്ടാന നശിപ്പിച്ച പ്രദേശങ്ങൾ ഇരിട്ടി ഫോറസ്റ്റ് ഓഫീസർ സി. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ വനപാലക സംഘം സന്ദർശിച്ചു.

അയ്യൻകുന്ന് പഞ്ചായത്തിൽ ഈ മേഖല ഉൾപ്പെടെ 26 കിലോമീറ്റർ വനാതിർത്തിയാണ്. ഇതിൽ പലഭാഗത്തും നാമമാത്രമായ പ്രതിരോധന സംവിധാനങ്ങളാണുള്ളത്. ഇരു സംസ്ഥാനങ്ങളുടെയും വനനിരകൾ ചേർന്നു കിടക്കുന്നതിനാൽ കർണാടക ബ്രഹ്മഗിരി വന്യജീവി സങ്കേതത്തിൽ നിന്നും ഇറങ്ങുന്ന കാട്ടാനകളാണ് ബാരാപോൾ പുഴ കടന്ന് കേരളത്തിലെ ജനവാസ മേഖലേക്ക് എത്തുന്നത്. പാലത്തിൻ കടവ് മുതൽ മുടിക്കയം, പാറക്കാമല വരെ യുള്ള ഭാഗത്ത് കൃഷിവകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ സ്ഥാപിക്കാൻ പണം അനുവദിച്ചെങ്കിലും മൂന്ന് തവണ ടെണ്ടർ വിളിക്കാൻ ആളില്ലാതെ നടപടി ഒന്നും ഉണ്ടായിട്ടില്ല. ജനങ്ങളുടെ ജീവന് ഭീക്ഷണിയാക്കുന്ന കാട്ടാനശല്യത്തിന് പരിഹാരം കണ്ടില്ലെങ്കിൽ ജനകീയ പ്രക്ഷോഭങ്ങളുൾപ്പെടെ സംഘടിപ്പിക്കുമെന്നും, പണം അനുവദിച്ചിട്ടും തുക്കുവേലി നിർമ്മാണം വൈകുന്നത് പ്രദേശത്തെ ജനത്തോട് കാണിക്കുന്ന അവഗണനയാണെന്നും പഞ്ചായത്ത് അംഗം ബിജോയ് പ്ലാത്തോട്ടത്തിൽപറഞ്ഞു.

## കോളേജ് യൂണിയൻ ചുമതലയേറ്റു

**സാന്ദ്ര സ്വതന്ത്രരാജ്**

അങ്ങാടികടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ 2024-25 കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്തു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് സംഗീതഞ്ജൻ പി എസ് അമൽരാജ് ഉദ്ഘാടനം നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് യൂണിയൻ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. കോളേജ് യൂണിയൻ ഭാരവാഹികളായി ചെയർപെഴ്സൺ പി വി അഭിനന്ദ്, വൈസ് ചെയർപെഴ്സൺ മെറീറ്റ സണ്ണി, ജനറൽ സെക്രട്ടറി റിച്ചാർഡ് ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി മസ്യൂന സിറാജുദ്ധീൻ, യു യു സിമാരായ ഹിഷാം മുഹമ്മദ്, കെ വി സൗരാഗ്, ഫൈൻ ആർട്സ് സെക്രട്ടറി അഞ്ജിത സുരേഷ്, മാഗസിൻ എഡിറ്റർ റോഷിൻ റെജി, സ്പോർട്സ് ക്യാപ്റ്റൻ ടെൻസൺ തോമസ് എന്നിവർ സ്ഥാനമേറ്റു. കഴിഞ്ഞ വർഷത്തെ യൂണിയൻ ഭാരവാഹികളേയും, എൻ സി സി ദേശീയ തല ക്യാമ്പിൽ പങ്കെടുത്ത രണ്ടാം വർഷ ബി.കോം വിദ്യാർത്ഥി ശ്യാം രാജിനേയും ചടങ്ങിൽ മൊമെന്റോ നൽകി ആദരിച്ചു.ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ കോളേജ റെക്റ്റർ ആന്റ് മാനേജർ ഫാ. ഡോ. ജോയ് ഉള്ളാട്ടിൽ, വൈസ് പ്രിൻസിപ്പാളും യൂണിയൻ അഡ്വൈസറുമായ ഫാ. സിന്റോ കണ്ണെയ്ൻ, വൈസ് പ്രിൻസിപ്പൽ കെവിൻസൺ കുര്യൻ, കോളേജ് അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. തുടർന്ന് പി എസ് അമൽരാജും സംഘവും മ്യൂസിക് ഷോ അവതരിപ്പിച്ചു.



*കോളേജ് യൂണിയൻ ഉദ്ഘാടനം പി എസ് അമൽരാജ് നിർവഹിക്കുന്നു*

## എഡിറ്റോറിയൽ

### പാഞ്ഞുപോകുമ്പോൾ ഓർക്കണം പ്രാണനാണ് കൈയിൽ

ദിനംപ്രതി വാഹനാപകടങ്ങൾ മൂലം മരണപ്പെടുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും എണ്ണം വർധിച്ചുവരുകയാണ്. ഒരു നിമിഷത്തെ അശ്രദ്ധ മുതൽ മന:പ്പൂർവമായ നരഹത്യ വരെ അപകടകാരണങ്ങളാണ്. അപകടങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്താതെയും വാഹനങ്ങൾ നിർത്താതെയും കടന്നുകളയുന്നത് കൊലപാതകത്തിന് പുറമെ മനുഷ്യത്വമില്ലായ്മയാണ്. ദേശീയ പാതയിൽ 1089 കിലോമീറ്ററും സംസ്ഥാനപാതയിൽ 1144 കിലോമീറ്ററും അപകടമേഖലകളാണ്. അപകടമേഖലകൾക്കു പുറമെ അമിത വേഗതയും അശ്രദ്ധയും ചേർന്നുണ്ടാകുന്ന അപകടങ്ങളുടെ പെരുപ്പം കർശന നടപടികൾ കൊണ്ടുമാത്രമേ കുറയ്ക്കാൻ സാധിക്കുകയുള്ളൂ. കാൽനടയാത്രക്കാരെപ്പോലും ബാധിക്കുന്ന തരത്തിൽ വാഹനാപകടങ്ങൾ സംഭവിക്കുന്നതും ജീവൻ പൊലിയുന്നതും വേദനാജനകമാണ്. കേരളത്തിൽ ഓരോ 100 അപകടങ്ങളിലും 11 പേർ വീതം മരിക്കുകയും 112 പേർ വീതെ പരിക്കേൽക്കുകയും ചെയ്യുന്നുവെന്ന് കേരള മോട്ടോർ വാഹന വകുപ്പ് നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു. 2023 ൽ 48,091 റോഡ് അപകടങ്ങളാണ് കേരള മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഈ വർഷം മാർച്ചുവരെയുള്ള കണക്കുകൾ പ്രകാരം 829 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു അപകടമുണ്ടായാൽ ഉടനടി രക്ഷാപ്രവർത്തനം നടത്തി അവരെ ആശുപത്രിയിലെത്തിക്കുവാൻ മടിക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നതെന്നത് തികച്ചും ലജ്ജാവഹമാണ്. ഈ അവസ്ഥയ്ക്ക് മാറ്റം കൊണ്ടുവരാനാണ് മോട്ടോർ വാഹന വകുപ്പ് ഒരു സമ്മാന പദ്ധതി കൊണ്ടുവന്നത്. അപകടം നടന്ന് ഒരു മണിക്കൂറിനുള്ളിൽ അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ് ഈ പദ്ധതി. എന്നാൽ ഇന്നും മറ്റൊരു ജീവൻ രക്ഷിക്കാൻ മടിക്കുന്ന ഒരു ജനതയുണ്ടെന്ന് അടുത്തിടെ നടന്ന ചില സംഭവങ്ങൾ ഓർമപ്പെടുത്തുന്നു. കഴിഞ്ഞ ദിവസം മൈനാഗപ്പള്ളിയിലുണ്ടായ അപകടത്തിന്റെ ദൃശ്യങ്ങൾ ഇന്നും മലയാളികൾക്ക് നൊമ്പരക്കാഴ്ചകളാണ്. സഹോദരിയോടൊപ്പം കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി സ്കൂട്ടറിൽ യാത്ര ചെയ്യുകയായിരുന്ന യുവതിയെ അമിത വേഗത്തിൽ വന്ന കാർ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. റോഡിലേക്ക് തെറിച്ചു വീണ യുവതിക്ക് സംഭവിച്ച ദാരുണാന്ത്യം മലയാളിക്ക് മറക്കാനാവുന്നതല്ല.

റോഡപകടങ്ങൾ കുറയ്ക്കാനും ഒഴിവാക്കുവാനും എ. ഐ ക്യാമറകൾ പോലെയുള്ള നൂതന സംവിധാനങ്ങൾ കൊണ്ടുവന്നിട്ടുണ്ടെങ്കിലും കൃത്യമായ സുരക്ഷാ നിർദേശങ്ങൾ പാലിക്കുന്നതിലൂടെ മാത്രമേ അപകടങ്ങളുടെ തീവ്രത കുറയ്ക്കാൻ സാധിക്കുകയുള്ളൂ. നാടിന്റ ശാപമായി റോഡപകടങ്ങൾ മാറിയിരിക്കുന്നുവെന്ന് ദിവസേനയുള്ള കണക്കുകൾ കേരള ജനതയെ ഓർമിപ്പിക്കുന്നു. തിരികെ എത്തുമെന്ന പ്രതീക്ഷയോടെയാണ് ഓരോ യാത്രകളും തുടങ്ങുന്നത്. എന്നാൽ പലപ്പോഴും പല കാരണങ്ങളാൽ ആ പ്രതീക്ഷകൾ വീണുടയുന്നു. അതിൽ ഭൂരിഭാഗവും യുവാക്കളുടെ ഹരംകൊള്ളിക്കുന്ന വാഹന ഉപയോഗമാണ്. കോളേജ് വിദ്യാർത്ഥികളുടെ അമിത വേഗത്തിലുള്ള മത്സരയോട്ടങ്ങളും അപകടങ്ങൾ സൃഷ്ടിക്കുന്നു. വിശേഷ ദിവസങ്ങളിൽ ക്യാമ്പസുകളിൽ വാഹന ജാഥ കർശനമായി നിരോധിച്ച് നിയമങ്ങൾ വന്നിട്ടുണ്ടെങ്കിലും ഇന്നും പലയിടങ്ങളിലും അത്തരത്തിലുള്ള വാഹന ജാഥകൾ ദൃശ്യമാണ്. ഒരു നിമിഷത്തെ അശ്രദ്ധ ഒരു ആയുസ്സിന്റ കണ്ണീരാണെന്ന് ഓരോ അപകടങ്ങളും പറഞ്ഞുതരുന്നുണ്ടെങ്കിലും നിമിഷനേരം കൊണ്ട് അടുത്ത അപകടം ഉണ്ടാകുന്നു. അപകടങ്ങൾ പതിയിരിക്കുന്ന 4592 സ്ഥലങ്ങൾ കേരളത്തിലുണ്ട്. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചതുകൊണ്ട് മാത്രം ആരുടേയും ഉത്തരവാദിത്തം അവസാനിക്കുന്നില്ല, റോഡ് സുരക്ഷ മാർഗങ്ങൾ നടപ്പാക്കുകയും വേണം.

- എഡിറ്റർ

## തലയെടുപ്പോടെ ഷീജ സെബാസ്റ്റ്യൻ

പ്രിൻസ് ജോസഫ്

തിരുവനന്തപുരത്ത് കേരളത്തിലെ 941 പഞ്ചായത്തിലെയും പ്രസിഡന്റുമാർ ഒരുമിച്ച് കൂടിയിരിക്കുന്നു, ചോദ്യം, അടുത്തജന്മത്തിൽ സ്ത്രീ ആയി പിറക്കാൻ ആഗ്രഹം എത്രപേർക്കുണ്ട്? കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീജ സെബാസ്റ്റ്യൻ കാറുകുളത്ത് കൈ ഉയർത്തി പറഞ്ഞു. എനിക്ക് ആഗ്രഹമുണ്ട് സാർ. വേദി ഒന്ന് നിശബ്ദമായെങ്കിലും പിന്നീട് വലിയ കൈയടി ഉയർന്നു. അഡ്വ. ഷീജയെ പരിചയപ്പെടുന്നവർക്കെല്ലാം അത്ഭുതമാണ്. ഒരു സ്ത്രീ ഇത്രയേറെ കാര്യങ്ങൾ എങ്ങനെയാണ് ഒരുമിച്ച് ചെയ്യുന്നത്? ചെറുപുഞ്ചിരിയോടെയാണ് അഡ്വ. ഷീജ അതിനുള്ള മറുപടി നൽകുന്നത്. 'സ്ത്രീ എന്നത് ഒരു പരിമിതിയല്ല സാധ്യതകളുടെ കലവറയാണ്. അവസരങ്ങളോട് ഞാൻ 'നോ' പറയാറില്ല, അതുകൊണ്ട് ദേശീയ, അന്തർദേശീയ തലങ്ങളിലെല്ലാം എന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിക്കുന്നുണ്ട്. അവർ തുടർന്നു,

ചരൽ, സെന്റ്. സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആദ്യമായി പ്രസംഗിക്കാൻ കയറുന്നത്. സ്വാതന്ത്രദിനത്തിൽ സ്വന്തമായി ഞാനെഴുതിയ പ്രസംഗം അല്പം വിറയലോടെയാണ് പറഞ്ഞതെങ്കിലും സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ എന്റെ



*അഡ്വ. ഷീജ സെബാസ്റ്റ്യൻ*

ജീവിതത്തിൽ വലിയ സ്വപ്നങ്ങൾ പാകി. ആ സ്വപ്നങ്ങൾക്ക് നിറമേകിയത് അധ്യാപകരുടെയും മാതാപിതാക്കളുടെയും പിന്തുണയാണ്. പങ്കെടുത്ത സ്കൂൾ കലോത്സവവേദികളിലെല്ലാം പ്രസംഗമത്സരത്തിന് ഒന്നാസ്ഥാനം. ഉഡുപ്പി ലോ കോളേജിൽ നിന്ന് എൽ എൽ ബി പാസ്സായി. തലശ്ശേരി കോടതിയിലാണ് പ്രാക്ടീസ് ആരംഭിച്ചത്. രണ്ടുവർഷം ബാർ അസോസിയേഷൻ എക്സിക്യൂട്ടീവ് മെമ്പറും, 2015 മുതൽ 2020 വരെ അയ്യൻകുന്ന് ഗ്രാമപഞ്ചായത് പ്രസിഡന്റും ആയിരുന്നു. ഇപ്പോൾ എ കെ സി സി വുമൺ കോർഡിനേറ്റർ, തലശ്ശേരി പാസ്റ്ററൽ കൗൺസിൽ മെമ്പർ, തലശ്ശേരി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ അംഗം, എ കെ സി സി വൈസ് പ്രസിഡന്റ്, എ കെ സി സി ഗ്ലോബൽ സെക്രട്ടറി ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഗസ്റ്റ് ലെക്ചെറർ,

**'സ്ത്രീ' - എന്നത് ഒരു പരിമിതിയല്ല സാധ്യതകളുടെ കലവറയാണ്.**

സേക്രഡ് ഹാർട്ട് അങ്ങാടിക്കടവ് പള്ളിയിലെ മാതൃവേദി പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ നിർവഹിക്കുന്നു. അഞ്ചാമത് സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസ്സംബ്ലിയിൽ പങ്കെടുത്തു. ഒയിസ്ക്ക ഇന്റർനാഷണൽ സൗത്ത് ഇന്ത്യൻ റെപ്രെസെന്ററ്റീവ്, യുവജനങ്ങൾ, മാതൃസംഘടനകൾ, ലീഗൽ സർവീസ് അതോറിറ്റി എന്നിവടങ്ങളിൽ ക്ലാസുകൾ എടുക്കുന്നുണ്ട്.

സമയം പാഴാക്കാതെയും കിട്ടിയ അവസരങ്ങളെല്ലാം ഉപയോഗിക്കുകയും ചെയ്തതാണ് എന്റെ ജീവിത വിജയത്തിന് കാരണം. അവർ അത് പറയുമ്പോൾ കീഴടക്കിയ മേഖലകളുടെ വലിപ്പമല്ല, മറിച്ച് സ്ത്രീയായി ജനിച്ചതിന്റെ അഭിമാനം വാക്കുകളിൽ നിറഞ്ഞിരുന്നു. സ്ത്രീ സ്വാതന്ത്രമെന്നാൽ പുരുഷന്റെ മേലുള്ള ആധിപത്യമോ തോന്നുന്നതുപോലെ നടക്കുന്നതോ അല്ല. പുരുഷന്മാരെ അംഗീകരിച്ചുകൊണ്ടുതന്നെ സ്വതന്ത്രമായ കാഴ്ചപ്പാടോടെ ഭയമില്ലാതെ സംസാരിക്കുകയും സ്വന്തം കാലിൽ നിൽക്കുകയും ചെയ്യുന്നതാണ്. അഡ്വ. ഷീജ സെബാസ്റ്റ്യൻ പറഞ്ഞു. ഭർത്താവ് അഡ്വ. സെബാസ്റ്റ്യൻ കെ ജേക്കബും മകൾ എമിൽ തെരേസും കരുത്തായി അഡ്വ.ഷീജയോടൊപ്പമുണ്ട്.

## ശിൽപ പ്രദീപിന് ആദരം

ഗീതു ബാബു



*ശിൽപ പ്രദീപ്*

അങ്ങാടിക്കടവ്: ഈ വർഷത്തെ സംസ്ഥാനതല മികച്ച എൻ എസ് എസ് വോളന്റിയർ അവാർഡ് നേടിയ ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിലെ പൂർവ വിദ്യാർത്ഥിനി ശിൽപ പ്രദീപിനെ ആദരിച്ചു. എൻ എസ് എസ് ദിനാചരണത്തിൽ പ്രിൻസിപ്പൽ ഫാ.ഡോ.ഫ്രാൻസിസ് കാരക്കാട്ട് ഉപഹാരം നൽകി. കോളജിലെ ബി.കോം വിദ്യാർത്ഥിനിയായിരുന്ന ശിൽപ എൻ എസ് എസ് പ്രോഗ്രാമിന്റെ വോളന്റിയർ സെക്രട്ടറിയായിരുന്നു."കോളേജിനും യൂണിവേഴ്സിറ്റിക്കും അഭിമാനമായി ഈ നേട്ടം കൈവരിക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്" ശിൽപ പ്രദീപ് പറഞ്ഞു. മട്ടന്നൂർ ഉരുവച്ചാലിൽ എ.പ്രദീപൻ, ജെ.ജീന എന്നിവരുടെ മകളാണ് ശിൽപ. എൻ എസ് എസ് ദിനാചരണത്തോടനുബന്ധിച്ച് നടന്ന പരിപാടിയിൽ പ്രിൻസിപ്പൽ പതാക ഉയർത്തി. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ജെയ്നി ജോർജ്ജ്, അമിത് വർമ എന്നിവർ പങ്കെടുത്തു.

## സൗജന്യ വയോജന ഹോമിയോ മെഡിക്കൽ ക്യാമ്പ്

ജോമോൾ ജോർജ്ജ്

ദേശീയ ആയുഷ് മിഷന്റ ഭാഗമായി അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തും വാണിയപ്പാറ ഗവ. ഹോമിയോ ഡിസ്പെൻസറിയും സംയുക്തമായി വയോജനങ്ങളെ കേന്ദ്രീകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വാണിയപ്പാറ സാംസ്കാരിക നിലയത്തിൽ വച്ചു നടന്ന മെഡിക്കൽ ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ബീന റോജസ് അധ്യക്ഷത വഹിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ സിന്ധു ബെന്നി, സീമ സനോജ്, പഞ്ചായത്തംഗം എൽസമ്മ ജോസ് , ഡോ.പി.അനില എന്നിവർ സംസാരിച്ചു. ക്യാമ്പിൽ യോഗ പരിശീലനം, പ്രാഥമിക ലാബ് പരിശോധന (ബി.പി, ഷുഗർ പരിശോധന) എന്നിവയും നടന്നു.

## ആറളത്തിന്റെ നെല്ലറയായി കടലിക്കാട് വയൽ

ഡെനിൽ മാത്യൂ ജോൺ

വൈവിധ്യമാർന്ന നെല്ലുകൾ വിളഞ്ഞ് നിൽക്കുന്നത് കണ്ടിട്ടുണ്ടോ... ? ഇല്ലെങ്കിൽ ആറളം ഒടാക്കൽ കടലിക്കാട് പാടത്തിലേക്ക് പോരെ.. കരിനാട്ടി എന്നാണ് നെല്ലിനത്തിന്റെ പേര്. ഇത് മാത്രമല്ല മൈസൂർ മട്ട, നസ്രത്ത് പത്ത്, പുന്നാടൻ തൊണ്ടി, വലിച്ചൂരി ജീരകശാല, ഞവര, പൊന്നി, വയനാടൻ ജ്യോതി, കർത്തടുക്കൽ എന്നിങ്ങനെ മുപ്പത്തഞ്ചോളം നെല്ലിനങ്ങളാണ് കണ്ണിനു കുളിർമയായി ഇവിടെ പച്ച വിരിച്ചിരിക്കുന്നത്. തുരുത്തേൽ തങ്കച്ചൻ എന്ന കുടിയേറ്റക്കാരനാണ് ഏറെ താൽപര്യത്തോടെ ഈ നെല്ലൊക്കെ നട്ടു പരിപാലിക്കുന്ന വ്യത്യസ്തനായ ആ കൃഷിവാലൻ.

തിരുവിതാംകൂറിൽ നിന്ന് കുടിയേറിയതാണ് തങ്കച്ചന്റെ കുടുംബം. അവിടെയും കൃഷി തന്നെയായിരുന്നു കുടുംബത്തിന്റെ വരുമാന മാർഗം. ആറളത്തു 20 വർഷത്തോളമായി സ്ഥിരമായി നെൽകൃഷി ചെയ്യുന്നുണ്ട്. നാലരയേക്കറോളം പാടത്തിൽ നിലവിൽ നെൽകൃഷിയുണ്ട്. ടില്ലർ കൊണ്ട്



*തങ്കച്ചൻ വിളവെടുത്ത നെല്ലുമായി*



*തങ്കച്ചന്റെ കൃഷിയിടം*

ഒരുക്കുന്ന പാടത്തിൽ ജൈവവളമാണ് ഉപയോഗിക്കുന്നത്. കൊയ്തനെല്ല് മാനന്തവാടിക്ക് അടുത്ത് പയ്യമ്പള്ളിയിൽ കൊണ്ടുപോയി വിൽക്കുന്നതാണ് രീതി. 70 മുതൽ 80 കിന്റൽ വരെയാണ് മൊത്തമായും ചില്ലറയായും വിൽക്കുന്നത്. നെൽകൃഷി ലാഭമുള്ളതാണെങ്കിലും ചിലവ് കൂടുതലാണെന്ന് തങ്കച്ചൻ പറയുന്നു.ഒരേക്കറിൽ കൃഷി ചെയ്യാൻ 40000 രൂപയോളം ചിലവുണ്ട്. പാടത്ത് വരമ്പ് വെക്കുന്നതും ഞാറ് വിതക്കുന്നതുമെല്ലാം തങ്കച്ചൻ ചേട്ടൻ ഒറ്റക്കാണ്. മറ്റ് പണികൾക്ക് കർഷക തൊഴിലാളികളെയും യന്ത്രങ്ങളെയും ആശ്രയിക്കും. ഇദ്ധേഹത്തിന്റെ പാടത്ത് യന്ത്രം ഉപയോഗിച്ചും അരിവാൾ ഉപയോഗിച്ചും കൊയ്ത്ത് നടത്താറുണ്ട്. നെൽകൃഷി ഇന്ന് അത്ര വലിയ ലാഭം കിട്ടുന്ന കാർഷിക വൃത്തി ഒന്നുമല്ല. എന്നാലും പരമ്പരാഗതമായി കൈമാറി വന്നത് കോട്ടം തട്ടാതെ മുന്നോട്ട് കൊണ്ടു പോവുകയാണെന്നും, വീട്ടിലേക്കുള്ള അരി പുറത്തു നിന്ന് വാങ്ങേണ്ടിവരുന്നില്ലെന്നും തങ്കച്ചൻ പറയുന്നു.

## ജന്മദിനത്തിൽ ആദരം

### 104 ന്റെ നിറവിൽ ദേവസ്യ കൊച്ചുകരോട്ടിൽ

സാന്ദ്ര സ്വതന്ത്രരാജ്

കരിക്കോട്ടക്കരി: സീനിയർ സിറ്റിസൺ ഫോറം കരിക്കോട്ടകരി യൂണിറ്റിന്റെ നേതൃത്വത്തിൽ ഏറ്റവും മുതിർന്ന അംഗം ദേവസ്യ കൊച്ചുകരോട്ടിനെ ആദരിച്ചു. 104 -ാമത് ജന്മദിനാ ഘോഷത്തിൽ യൂണിറ്റ് പ്രസിഡന്റ് അബ്രാഹം വെട്ടിക്കൽ കരിക്കോട്ടക്കരിയിലെ കൊച്ചുകരോട്ടിൽ വീട്ടിലെത്തി അദ്ദേഹത്തെ പൊന്നാട അണിയിച്ചു. 104 വയസ്സിന്റെ നിറവിലെത്തിയ



*യൂണിറ്റ് പ്രസിഡന്റ് അബ്രഹം വെട്ടിക്കൽ ദേവസ്യ കൊച്ചുകരോട്ടിനെ ആദരിക്കുന്നു.*

ദേവസ്യ ചേട്ടന് ഉപഹാരങ്ങളും മധുരവും കൈമാറി. സീനിയർ സിറ്റിസൺ പ്രവർത്തനങ്ങൾ ആരംഭിച്ച കാലം മുതൽ ആജീവനാന്തം മെമ്പർഷിപ്പെടുത്ത വ്യക്തിയാണ് അദ്ദേഹമെന്ന് അബ്രഹം വെട്ടിക്കൽ പറഞ്ഞു. യൂണിറ്റ് സെക്രട്ടറി ജോസഫ് മണലേൽ, മാത്യു എം കണ്ടത്തിൽ, അബ്രാഹം കോയിക്കലോട്ട്, മാത്യു കളരൂപാറ, പി. കെ മാത്യു എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട്|സ്റ്റാഫ് എഡിറ്റർ : ഹരിഷ്മ എസ് എൽ| എഡിറ്റർ ഇൻ ചാർജ്: അപർണ രമേശ് | സബ് എഡിറ്റേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ഗീതു ബാബു , മരിയ ജോയ്, ശ്രീക്കുട്ടി ചന്ദ്രൻ, ജോമോൾ ജോർജ്ജ്, അപർണ രമേശ്, പ്രിൻസ് ജോസഫ്, ഡെനിൽ മാത്യൂ ജോൺ|ഫോട്ടോഗ്രാഫേഴ്സ് : ഡെനിൽ മാത്യു ജോൺ | ഡിസൈൻ : അപർണ രമേശ്.